# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1672</u>      <u>14/12/2012-ൽ മറുപടിക്ക്</u>

### പഞ്ചായത്ത് വക സ്ഥലം മറ്റു വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള നടപടിക്രമം

<u>ചോദ്യം</u>
ശ്രീ.കെ.വി.വിജയദാസ്

<u>ഉത്തരം</u>
ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പൊതു ആവശ്യങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി മറ്റ് വകുപ്പുകൾക്ക് പഞ്ചായത്തിന്റെ സ്ഥലം കൈമാറി നല്കുന്നതിന് നിലവിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) & (ബി) പഞ്ചായത്തിൽ നിന്നും കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പഞ്ചായത്ത് തീരുമാനം. റവന്യൂ രേഖകൾ, സ്ഥലം ആവശ്യപ്പെട്ടുകൊണ്ടുള്ള വകുപ്പുകളുടെ കത്ത് എന്നിവ ലഭ്യമാകുന്ന കേസുകളിൽ കാല താമസം കൂടാതെ സ്ഥലം കൈമാറുന്നതിന് അനുമതി നൽകുന്നുണ്ട്. |
| (ബി) പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനായി പഞ്ചായത്തുവക സ്ഥലം മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ; വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ